**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **10-06-2024 - ൽ മറുപടിയ്ക്ക്**

**സേവനാവകാശ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സേവനാവകാശ നിയമം സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എപ്പോഴാണ് ഈ നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2012 നവംബർ 1 ന് പ്രാബല്യത്തിൽ വന്നു. |
| (സി) | ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുക എന്നത് നിയമം മൂലം അവകാശമായി അംഗീകരിക്കപ്പെട്ടു. |
| (ഡി) | ഉദ്ദേശ്യലക്ഷ്യങ്ങൾ എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടേന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. |
| (ഇ) | നിയമം അനുശാസിക്കുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഇ) | പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. |
| (എഫ്) | സേവനാവകാശ നിയമപ്രകാരം സേവനം ലഭ്യമാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷണ നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എഫ്) | സേവനാവകാശ ആക്റ്റിന്റെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി,കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ |

| | | | |
|---|---|---|---|
| | | | അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാനിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറു രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്ട് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. |
| (ജി) | നിയമം നിലവിൽ വന്നതിനുശേഷം ഇത്തരം ശിക്ഷണ നടപടികൾക്കു വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഓഫീസും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ; സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം നിയമം പറയുന്നത് പോലെ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സേവനാവകാശ നിയമപ്രകാരമുള്ള പരിഹാരമാർഗങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ? | (ജി) | ഇതു സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിച്ച്കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ